**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6398** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി അദ്ധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2017 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ എത്ര എച്ച്.എസ്.എസ്.ടി. സുവോളജി ജൂനിയർ അധ്യാപകർ കെ.എസ്.ആർ. പ്രകാരം ശൂന്യ വേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും പ്രസ്തുത ശൂന്യവേതനാവധി കഴിഞ്ഞ് എത്ര അധ്യാപകർ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2017 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിൽ 4 എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി അധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്. പ്രസ്തുത അധ്യാപകരിൽ രണ്ട് പേർ ടി തസ്തികയിൽ പുനഃപ്രവേശിക്കുകയും മറ്റ് രണ്ട് അധ്യാപകർ, ശൂന്യവേതനാവധിയിൽ തുടർന്നു വരികയുമാണ്. |
| (ബി) | പ്രസ്തുത അദ്ധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ ഇപ്രകാരം റിപ്പോർട്ട് ചെയ്തു എന്നും റിപ്പോർട്ട് ചെയ്തിട്ടില്ലങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ടി ഒഴിവുകൾ നിലവിൽ വന്ന സമയത്ത് സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നിലനിർത്തേണ്ട തസ്തികയിൽ അധികമായി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് ശൂന്യവേതനാവധിയിൽ പ്രവേശിച്ച അധ്യാപകരുടെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്. |
| (സി) | പ്രസ്തുത തസ്തികയിലെ അദ്ധ്യാപകർ അന്യത്ര സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഒരു എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി അദ്ധ്യാപിക നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ഈ ഡെപ്യൂട്ടേഷൻ ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ടി ഒഴിവിലേയ്ക്ക് ശൂന്യവേതനാവധി റദ്ദ് ചെയ്ത ഒരു അദ്ധ്യാപികയെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി തസ്തികയിലേക്ക് പുനഃപ്രവേശിപ്പിച്ചിരുന്നു. |
| (ഡി) | നിലവിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനവും പി.എസ്.സി വഴി നേരിട്ടുള്ള നിയമനവും നൽകുന്നുണ്ട്. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി വിഷയത്തിൽ ബൈട്രാൻസ്ഫർ വിഭാഗത്തിനായി 01/06/2016 മുതൽ 28/12/2020 |

| | | | |
|---|---|---|---|
| | | | വരെ ഉണ്ടായിട്ടുള്ള 55 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും 28/12/2020-ന് ശേഷം പ്രസ്തുത വിഭാഗത്തിനായി നിലവിൽ വന്ന 11 ഒഴിവുകൾ മാറ്റിയിട്ടുള്ളതുമാണ്. നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാൻ നിലവിൽ ഒഴിവുകൾ ഒന്നുമില്ല. |

സെക്ഷൻ ഓഫീസർ